**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 160** **11-10-2021 - ൽ മറുപടിയ്ക്ക്**

**എയർ ആംബുലൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),**<br>**ശ്രീ. എ . പി . അനിൽ കുമാർ** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിലവിൽ അവയവമാറ്റ ശസ്ത്രക്രിയ ഉൾപ്പെടെയുള്ള അടിയന്തിര ഘട്ടങ്ങളിൽ അവയവങ്ങളും ഡോക്ടമാരെയും മറ്റ് ജീവനക്കാരെയും വേഗത്തിൽ ആശുപത്രികളിൽ എത്തിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | അവയവമാറ്റ ശസ്ത്രക്രിയയിൽ അടിയന്തിരമായി അവയവങ്ങളും ഡോക്ടർമാരെയും ജീവനക്കാരെയും എത്തിക്കേണ്ടിവരുന്ന സാഹചര്യം ഉണ്ടാകുന്നത് മസ്തിഷ്ക മരണാനന്തര അവയവദാനം നടക്കു മ്പോഴാണ്. അടിയന്തിരമായി എത്തിക്കേണ്ട സാഹചര്യത്തിൽ കഴിഞ്ഞ 5 വർഷത്തിനിടയ്ക്ക് 7 തവണ വായു മാർഗ്ഗം ഉപയോഗിച്ചിട്ടുണ്ട്. റോഡ് മാർഗ്ഗം അവയവങ്ങൾ എത്തിക്കേണ്ടി വരുമ്പോൾ ആഭ്യന്തര വകുപ്പിന്റെ സഹായത്തോടെ ഗ്രീൻ കോറിഡോർ ചാനൽ സംവിധാനം ഒരുക്കിയാണ് സമയബന്ധിതമായി ശസ്ത്രക്രിയ നടത്തേണ്ട ആശുപത്രികളിൽ എത്തിക്കുന്നത്. കൂടാതെ മസ്തിഷ്ക മരണാനന്തര അവയവ ദാനത്തിൽ അവയവങ്ങൾ പൂർണ്ണമായും സമയബന്ധിതമായും ഉപയോഗ പ്പെടുത്തുന്നതിനായി G.O (Rt) No. 134/2015 /H& FWD, തീയതി: 14/01/2015 പ്രകാരം കേരളത്തെ മൂന്ന സോണുകളായി തരം തിരിച്ചിട്ടുണ്ട്. ഇതിൻ പ്രകാരമാണ് കേരളത്തിൽ മസ്തിഷ്ക മരണാനന്തര അവയവ ദാതാവിൽ നിന്നുള്ള അവയവങ്ങളുടെ വിന്യാസം നടത്തുന്നത്. വളരെ വിരളമായ സാഹചര്യത്തിൽ (5 വർഷത്തിനുള്ളിൽ 7 തവണ ) മാത്രമാണ് അവയവങ്ങൾ വായു മാർഗ്ഗം കൊണ്ടു പോകേണ്ടി വന്നിട്ടുള്ളത്. ആയതിനാൽ അവയവദാന മേഖലയിലേക്ക് സ്ഥിരമായി ഒരു എയർ ആംബുലൻസ് സംവിധാനം നിലവിൽ ആവശ്യമാണെന്ന് കരുതുന്നില്ല. |
| (ബി) | പ്രസ്തുത സാഹചര്യങ്ങളിൽ റോഡ് മാർഗ്ഗം യാത്രയ്ക്ക് എടുക്കുന്ന സമയ ദൈർഘ്യം ഒഴിവാക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിൽ എയർ ആംബുലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് ഈ വിഷയത്തിൽ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | അവയവമാറ്റ ശസ്ത്രക്രിയയിൽ അടിയന്തിരമായി അവയവങ്ങളും ഡോക്ടർമാരെയും ജീവനക്കാരെയും എത്തിക്കേണ്ടിവരുന്ന സാഹചര്യം ഉണ്ടാകുന്നത് മസ്തിഷ്ക മരണാനന്തര അവയവദാനം നടക്കു മ്പോഴാണ്. അടിയന്തിരമായി എത്തിക്കേണ്ട സാഹചര്യത്തിൽ കഴിഞ്ഞ 5 വർഷത്തിനിടയ്ക്ക് 7 തവണ വായു മാർഗ്ഗം ഉപയോഗിച്ചിട്ടുണ്ട്. റോഡ് |

| | | | |
|---|---|---|---|
| | | | മാർഗ്ഗം അവയവങ്ങൾ എത്തിക്കേണ്ടി വരുമ്പോൾ ആഭ്യന്തര വകുപ്പിന്റെ സഹായത്തോടെ ഗ്രീൻ കോറിഡോർ ചാനൽ സംവിധാനം ഒരുക്കിയാണ് സമയബന്ധിതമായി ശസ്ത്രക്രിയ നടത്തേണ്ട ആശുപത്രികളിൽ എത്തിക്കുന്നത്. കൂടാതെ മസ്തിഷ്ക മരണാനന്തര അവയവ ദാനത്തിൽ അവയവങ്ങൾ പൂർണ്ണമായും സമയബന്ധിതമായും ഉപയോഗ പ്പെടുത്തുന്നതിനായി G.O (Rt) No. 134/2015 /H& FWD, തീയതിഃ 14/01/2015 പ്രകാരം കേരളത്തെ മൂന്നു സോണുകളായി തരം തിരിച്ചിട്ടുണ്ട്. ഇതിൻ പ്രകാരമാണ് കേരളത്തിൽ മസ്തിഷ്ക മരണാനന്തര അവയവ ദാതാവിൽ നിന്നുള്ള അവയവങ്ങളുടെ വിന്യാസം നടത്തുന്നത്. വളരെ വിരളമായ സാഹചര്യത്തിൽ (5 വർഷത്തിനുള്ളിൽ 7 തവണ ) മാത്രമാണ് അവയവങ്ങൾ വായു മാർഗ്ഗം കൊണ്ടു പോകേണ്ടി വന്നിട്ടുള്ളത്. ആയതിനാൽ അവയവദാന മേഖലയിലേക്ക് സ്ഥിരമായി ഒരു എയർ ആംബുലൻസ് സംവിധാനം നിലവിൽ ആവശ്യമാണെന്ന് കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ